## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **09-02-2023 - ൽ മറുപടിയ്ക്ക്**

## റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ടതാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഗുണനിലവാരമുള്ളതും മെച്ചപ്പെട്ടതുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഓരോ മാസവും വിതരണത്തിനു മുൻപ് എഫ്.സി.ഐയിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും, എഫ്.സി.ഐ ജനറൽ മാനേജറും ചേർന്ന് ഒപ്പ് വച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീജറിൽ ഗുണനിലവാരവും, അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20.04.2022ലെ സർക്കുലർ നം.8/2022 പ്രകാരം പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര മുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥരുൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേൻമ ബോധ്യപ്പെട്ട് റേഷൻ കടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡി ലൈസൻസികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം എൻ.എഫ്.എസ്.എ ഗോഡൗണുകളുമായി ബന്ധപ്പെട്ട് അവ മാറ്റി നൽകുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സംവിധാനവും നിലവിലുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ